(ബി) നഷ്ടത്തിലാണെങ്കിൽ 1982–83 മുതൽ 1984–85 വരെ ഓരോ വർഷവുമുണ്ടായ നഷ്ടമെത്ര?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് 1982–83 മുതൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി)

1982–83	രൂപ	41.67 ലക്ഷം
1983–84	രൂപ	83.05 ,,
1984–85	രൂപ	249.17 ,,

(ആഡിറ്റ് ചെയ്തിട്ടില്ലാത്ത കണക്ക് പ്രകാരം)

പൊതുമേഖലാ സ്ഥാപനങ്ങളിലെ അനൗദ്യോഗിക ചെയർമാൻമാർ

237 [544] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വ്യവസായവകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോഴും അനൗദ്യോഗികാംഗങ്ങളും ചെയർമാൻമാരായി പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) സ്ഥാപനങ്ങളുടെയും ചെയർമാൻമാരുടെയും പേരു വിവരം വെളിപ്പെടുത്തുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ, ബി) സ്ഥാപനങ്ങളുടെയും അനൗദ്യോഗിക ചെയർമാൻമാരുടെയും വിവരങ്ങൾ കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

ചാലക്കുടി റിഫ്രാക്റ്ററീസ്

238 [546] ശ്രീ. കെ.ജെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റിഫ്രാക്റ്ററീസിന്റെ വികസന പ്രവർത്തനം നടത്താത്തത് എന്തുകൊണ്ടാണ്;

(ബി) ഈ വികസന പ്രവർത്തനത്തിന് എത്ര ലക്ഷം രൂപയുടെ മെഷിനറികളും ഇതിനകം വാങ്ങിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

(സി) ഇവ വാങ്ങിയിട്ട് എത്ര വർഷമായി;

(ഡി) ഈ മെഷിനറി വാങ്ങിയതിന് മുടക്കിയ പണത്തിന് എത്ര പലിശ ഇതിനകം കൊടുത്തു;

(ഇ) ഈ വികസന പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വികസന പ്രവർത്തനത്തിനുള്ള ആദ്യത്തെ പ്രോജക്ട് റിപ്പോർട്ടിൽ മാറ്റങ്ങൾ വേണ്ടിവന്നതിനാലാണ് കാലതാമസം ഉണ്ടായത്. പുതുക്കിയ പ്രോജക്ട് റിപ്പോർട്ടും ഉടനെതന്നെ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനിടെ ഉൽപ്പാദനം സെറ്റബിലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ബി) 49.55 ലക്ഷം രൂപ.

(സി) 1977 മുതൽ 1980 വരെയുള്ള കാലഘട്ടത്തിലാണ് ഇവ വാങ്ങിയത്.

(ഡി) ഇതുവരെ 4.97 ലക്ഷം രൂപ കൊടുത്തു കഴിഞ്ഞു.

(ഇ) സെറ്റബിലൈസേഷൻ പദ്ധതി 1986-ൽ പൂർത്തിയാകും എന്നാണ് പ്രതീക്ഷിക്കുന്നത്. വികസന പദ്ധതികൾ ആവുന്നത്ര വേഗം പൂർത്തിയാക്കാനുള്ള നടപടികളും എടുത്തു വരുന്നു.

കേരളാ മിനറൽസ് ആൻഡ് മെറ്റൽസ് കമ്പനി

239 [548] ശ്രീ. എം.കെ. കേശവൻ:
,, കെ.ഇ. ഇസ്മയിൽ:
,, കെ.പി. സുരേന്ദ്രനാഥ്:
ഡോക്ടർ എ. സുബ്ബ റാവു:
ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആൻഡ് മെറ്റൽസ് കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചുവോ;

(ബി) എങ്കിൽ ഏതുമുതൽ;

(സി) എന്തെല്ലാമാണ് ഉൽപ്പാദിപ്പിക്കുന്നത്;

(ഡി) കമ്പനിയുടെ പ്രോജക്ട് റിപ്പോർട്ടനുസരിച്ച് പൂർണ്ണമായ ഉൽപ്പാദനം ആരംഭിക്കുന്നതിന് തടസ്സം എന്തെങ്കിലും ഉണ്ടായോ;

(ഇ) ഉണ്ടെങ്കിൽ അത് വിശദമാക്കുമോ?

ഉത്തരം

(എ) ആരംഭിച്ചു.

(ബി) 1972 മുതൽ

(സി) ഇൽമനൈറ്, റൂട്ടയിൽ, സിർക്കോൺ, സിലിമനൈറ്, ലൂക്കോക്സീൻ, മോണോസൈറ്റ്, ടൈറ്റാനിയം ഡയോക്സൈഡ്, റൂട്ടയിൽ ഗ്രേഡ് പിഗ്മെൻറ് എന്നിവയാണ് ഉൽപ്പാദിപ്പിക്കുന്നത്.

(ഡി) ഉണ്ടായിട്ടുണ്ട്.

(ഇ) ടൈറ്റാനിയം ഡൈയോക്സൈഡ്, റൂട്ടയിൽ ഗ്രേഡ് പിഗ്മെൻറ് ഒഴികെയുള്ള ഉൽപ്പന്നങ്ങളുടെ പൂർണ്ണമായ ഉൽപാദനത്തിൽ നല്ലയിനം അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം കാരണം ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. 1985 ജനുവരി മാസത്തിലാണ് ടൈറ്റാനിയം

LIBRARY ARCHIVES Kerala Legislative Assembly